**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2794** — **14-02-2013-ലെ മറുപടിയ്ക്ക്**

**ഹീരുമേട് ടീ കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ.എസ്.ബിജിമോൾ: | ശ്രീ. ഷിബു ബേബിജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പീരുമേട് നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 14 വർഷമായി അടഞ്ഞുകിടക്കുന്ന പീരുമേട് ടീ കമ്പനി സർക്കാർ ഏറ്റെടുത്ത് തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) പീരുമേട് ടീ കമ്പനി മാനേജ്മെന്റ് തോട്ടം തുറന്നു പ്രവർത്തിപ്പിക്കുവാൻ സമ്മതം അറിയിച്ചിട്ടുണ്ടെങ്കിലും തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. |
| (ബി) പൂട്ടി- ക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങൾ താമസയോഗ്യമാക്കുവാൻ അറ്റകുറ്റപണികൾ നടത്തുവാൻ ഇപ്പോൾ എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നു.; | (ബി) പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനിയിൽ 443 ലയങ്ങളിൽ തൊഴിലാളികൾ താമസിക്കുന്നു. ടി ലയങ്ങൾ താമസയോഗ്യമാക്കുവാൻ (ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെ) ഇടുക്കി ജില്ലാ നിർമ്മിതി കേന്ദ്രയുടെ പ്രോജക്ട് എഞ്ചിനീയർ 2011-ൽ ഒരു പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിരുന്നു. അതിൻ പ്രകാരം ഒരു ലയത്തിന് ഒരു ലക്ഷത്തി അയ്യായിരം രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന് ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി അംഗീകരിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | (സി) പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ